**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1444** **01-02-2024 - ൽ മറുപടിയ്ക്ക്**

**ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ ഉമ്പയിൽ എൽ.പി സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒളവണ്ണ ഗ്രാമ പഞ്ചായത്തിലെ ഉമ്പയിൽ എൽ.പി സ്കൂൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിന്നും സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിൽ തീരുമാനമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് വൈകുന്നതിന് ഇടയാക്കിയ സാഹചര്യങ്ങൾ വ്യക്തമാക്കാമോ; | (എ) | ഒളവണ്ണ ഉമ്പയിൽ എ.എം.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചു. സ്കൂളിന് 14.67 സെന്റ് (0.05848 ഹെക്ടർ) സ്ഥലം മാത്രമാണുള്ളത് . KER വ്യവസ്ഥകൾ പ്രകാരം പ്രൈമറി സ്കൂളുകൾക്ക് 0.4 മുതൽ 0.8 വരെ ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. എന്നാൽ പ്രസ്തുത സ്കൂളിന് വളരെ തുച്ഛമായ സ്ഥല സൗകര്യമേയുള്ളൂ. കൂടാതെ സ്കൂളിന്റെ സമീപത്തായി നിരവധി എൽ.പി, യു.പി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഒളവണ്ണ ഉമ്പയിൽ എ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണുള്ളത്.<br><br>ഇതുമായി ബന്ധപ്പെട്ട് തീരുമാനം പുന:പരിശോധിക്കണമെന്ന അപേക്ഷയും ലഭിച്ചിട്ടുണ്ട്.ആയത് പരിശോധിച്ച് വരുന്നു . |
| (ബി) | പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തു കൊണ്ടുള്ള ഉത്തരവിലെ ലിസ്റ്റിൽ നിന്നും വിട്ടുപോയ പ്രസ്തുത സ്കൂൾ ഏറ്റെടുത്തുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ? | (ബി) | ഒളവണ്ണ ഉമ്പയിൽ എ.എം.എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഒളവണ്ണ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ സർക്കാർ പരിശോധിച്ചു. സ്കൂളിന് 14.67 സെന്റ് (0.05848 ഹെക്ടർ) സ്ഥലം മാത്രമാണുള്ളത് . KER വ്യവസ്ഥകൾ പ്രകാരം പ്രൈമറി സ്കൂളുകൾക്ക് 0.4 മുതൽ 0.8 വരെ ഹെക്ടർ സ്ഥലം ആവശ്യമുണ്ട്. എന്നാൽ പ്രസ്തുത സ്കൂളിന് വളരെ തുച്ഛമായ സ്ഥല സൗകര്യമേയുള്ളൂ. കൂടാതെ സ്കൂളിന്റെ സമീപത്തായി നിരവധി എൽ.പി, യു.പി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഒളവണ്ണ ഉമ്പയിൽ എ.എം.എൽ.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണുള്ളത്.<br><br>ഇതുമായി ബന്ധപ്പെട്ട് തീരുമാനം പുന:പരിശോധിക്കണമെന്ന അപേക്ഷയും |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്.ആയത് പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ